കുട്ടികളുടെ ക്രിസ്തീയ ത്രൈമാസിക

• വാല്യം 4 • ലക്കം 1
ജനുവരി 2019



For Private Circulation only

വാർഷിക റിപ്പോർട്ട് പേജ് 32

A CHURCH OF GOD KERALA STATE
SUNDAY SCHOOL DEPARTMENT PUBLICATION
www.cogsundayschool.org | Email: cgisundayschool@gmail.com

# സ്റ്റേറ്റ് ഓവർസിയറുടെ സന്ദേശം

ഇളം തലമുറയെ കേന്ദ്രീകരിച്ചാണ് ഏതൊരു സമൂഹത്തിന്റെയും നിലനിൽപ്. മത, സാമുദായിക, രാഷ്ട്രീയ സംഘടനകൾ എല്ലാം ഇത് തിരിച്ചറിയുകയും അവരെ പരിശീലിപ്പിക്കുവാൻ ശ്രദ്ധ കേന്ദ്രീകരിക്കയും ചെയ്യുന്നു. ദൈവസഭയുടെ ഭാവിക്ക് ഇളം തലമുറയെ പരിശീലനം നല്കി നിലനിർത്തേണ്ടത് അത്യാവശ്യമാണ്.

ക്രിസ്തീയ വിദ്യാഭ്യാസം അതിന്റെ ഗൗരവം ഒട്ടും ചോർന്നു പോകാതെ നല്കേണ്ടത് സഭയുടെ ഉത്തരവാദിത്വമാണ്. ഇത് പ്രാദേശിക സഭ തിരിച്ചറിയികയും വേണ്ട മുൻഗണന കുട്ടികൾക്ക് നല്കേണ്ടതും കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ദൈവസഭയിലെ ശുശ്രൂഷകർ ഇതിന് ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതുണ്ട്. ഒരു കുട്ടിയേ സഭയിൽ ഉള്ളൂ എങ്കിലും സണ്ടേസ്കൂൾ നടത്തേണ്ടതും വാർഷിക പരീക്ഷ, താലന്തുപരിശോധന തുടങ്ങിയ സണ്ടേസ്കൂൾ പ്രവർത്തനങ്ങളിൽ സഹകരിക്കേണ്ടതുമാണ്. സഭാംഗങ്ങളും ഭാരവാഹികളും സണ്ടേസ്കൂൾ കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യണം.

കുട്ടികളുടെ സർഗാത്മകത പ്രോത്സാഹിപ്പിക്കാനും വായനാശീലം വളർത്തുവാനുമായി 'നന്മ' പുറത്തിറക്കുന്നത് നിശ്ചയമായും ദൈവസഭയ്ക്കും വരും തലമുറയ്ക്കും ഒരു 'നന്മ' തന്നെയാണ്. കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്ത് പാഠാവലികൾ പരിഷ്കരിക്കയും, പാഠ്യേതര വിഷയങ്ങളിൽ പ്രോത്സാഹനങ്ങൾ നല്കി താലന്തു പരിശോധനകൾ നടത്തുകയും, കുട്ടികളെ ആത്മീയ വളർച്ച ലക്ഷ്യമിട്ട് സ്റ്റേറ്റ്, സോൺ തലങ്ങളിൽ ക്യാമ്പുകളും മറ്റും നടത്തി, കുട്ടികൾക്ക് ദിശാബോധം നല്കുന്ന സണ്ടേസ്കൂൾ ബോർഡിനെ പ്രത്യേകം അഭിനന്ദിക്കുന്നു. ദൈവസഭയുടെ ഭാവി വാഗ്ദാനങ്ങളെ ദൈവരാജ്യത്തിന്റെ ഭാഗമാകുവാനുള്ള ആത്മീയ പ്രയത്നത്തിൽ നമുക്ക് എല്ലാവർക്കും പങ്കാളികളാകാം.

**പാസ്റ്റർ സി.സി. തോമസ്**
(സ്റ്റേറ്റ് ഓവർസിയർ)



# നന്മ

കുട്ടികളുടെ ക്രിസ്തീയ ത്രൈമാസിക

വാല്യം 4 • ലക്കം 1 • ജനുവരി 2019




## മാതാപിതാക്കളോട് രണ്ടു വാക്ക്

ക്രിസ്തീയ വിദ്യാഭ്യാസം തുടങ്ങേണ്ടത് ഭവനങ്ങളിലാണ്. ഒരു കുട്ടി അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതു മുതൽ പഠനം ആരംഭിക്കുന്നു എന്ന് ആധുനിക വൈദ്യശാസ്ത്രം പറയുന്നു. വളരെ ചെറിയ പ്രായത്തിൽ തന്നെ അവരിലേക്ക് ആത്മീക മൂല്യങ്ങൾ പകർന്നു നല്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

ചെറുപ്രായത്തിലേ പരിശീലനം ലഭിച്ച ആളുകൾ ആത്മീക നേതാക്കളായി രൂപപ്പെട്ടത് ദൈവവചനത്തിൽ നമുക്ക് ദൃശ്യമാണ്. മോശെ, ശമുവേൽ, തിമൊഥിയോസ് തുടങ്ങിയവർ ഇതിനു ഉദാഹരണങ്ങളാണ്.

സെക്കുലർ വിദ്യാഭ്യാസത്തിനു നല്കുന്ന പ്രാധാന്യത്തോടെ കുട്ടികളെ ദൈവവചനം നാം ഭവനങ്ങളിൽ പഠിപ്പിക്കേണ്ടിയിരിക്കുന്നു.

ഭവന പ്രാർത്ഥനകൾ മുടക്കം കൂടാതെ നടത്തുകയും, കുട്ടികളുടെ മുൻപിൽ മാതൃകയോടെ ജീവിക്കയും, സണ്ടേസ്കൂൾ പഠനത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കുകയും ചെയ്ത് ഒരു നവതലമുറയെ ദൈവോന്മുഖമായി വളർത്തുവാൻ നമുക്ക് ദൃഢപ്രതിജ്ഞ ചെയ്യാം. ദൈവം നമ്മുടെ കുടുംബങ്ങളെ അനുഗ്രഹിക്കട്ടെ.

**പാസ്റ്റർ സാലു വർഗ്ഗീസ്**
(സണ്ടേസ്കൂൾ സ്റ്റേറ്റ് സെക്രട്ടറി)




*വിലാസം:*
**നന്മ, സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റ്, മൗണ്ട് സിയോൻ, മുളക്കുഴ 689 505**






നന്മ

അങ്കിൾ ബി എഴുതുന്നു...

# സർവായുധം ധരിച്ച പടയാളികൾ

പ്രിയ കൂട്ടുകാരെ, നിങ്ങൾക്ക് എല്ലാവർക്കും അനുഗ്രഹിക്കപ്പെട്ട പുതുവത്സരം നേർന്നുകൊള്ളട്ടെ. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ഒരു വർഷം നമുക്ക് ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. പുതിയ തീരുമാനങ്ങളും കർത്താവിനു വേണ്ടിയുള്ള പുതിയ പ്രവർത്തികളും ആരംഭിക്കുവാൻ എല്ലാ കൂട്ടുകാർക്കും ഈ ദിനങ്ങളിൽ കഴിയട്ടെ എന്നാശംസിക്കുന്നു.

നാമൊക്കെ ക്രിസ്തുവിന്റെ പടയാളികളാണ്. നമ്മുടെ അയൽക്കാരോ കൂടെ പഠിക്കുന്നവരോ ഒന്നുമല്ല നമ്മുടെ ശത്രുക്കൾ. സാത്താൻ ആണ് നമ്മുടെ ശത്രു. കൂട്ടുകാർ പട്ടാളക്കാരെ കണ്ടിട്ടില്ലേ? അവരുടെ യൂണിഫോം ശ്രദ്ധിച്ചിട്ടില്ലേ ? നല്ല തൊപ്പി, വിവിധ അടയാളങ്ങൾ. ബെൽറ്റ്, ഷൂസ് തുടങ്ങി എല്ലാം അവർക്ക് കാണുമല്ലോ! നാമും ക്രിസ്തുവിന്റെ ആത്മീയ പടയാളികളാണ്. ആഹാ, അപ്പോൾ നമുക്ക് യൂണിഫോം ഉണ്ടോ? തീർച്ചയായും ഉണ്ട്. ആ യൂണിഫോം എന്താണ് എന്നാണ് ഇന്ന് നാം മനസ്സിലാക്കുന്നത്. ദൈവത്തിന്റെ സർവായുധവർഗ്ഗം എന്ന ആ യൂണിഫോം ഇല്ലാത്ത എല്ലാവരും യുദ്ധത്തിൽ തോറ്റു പോകും.

ക്രിസ്തുവിന്റെ പടയാളിയുടെ അരയ്ക്കു കെട്ടുന്ന ബെൽറ്റ് എന്താണ് എന്നറിയേണ്ടേ ? 'സത്യം' ആണത്. സത്യം പറയുകയും സത്യം പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ ആ ബെൽറ്റ് ഉണ്ടാവുകയുള്ളു. സത്യം ഉള്ളവരായി ജീവിച്ചില്ലെങ്കിൽ നമുക്ക് പരാജയം സംഭവിക്കും. സ്കൂളിലായാലും വീട്ടിലായാലും സത്യം മാത്രം പറയുന്ന നല്ല കുട്ടുകാരെയാണ് യേശുവിനു ഇഷ്ടം.

ഒരു പടയാളിക്ക് ഏറ്റവും സുരക്ഷ ആവശ്യമുള്ള ഇടമാണ് അവന്റെ നെഞ്ച് ഉൾപ്പെടുന്ന മുൻവശം. കവചം ഉപയോഗിച്ചാണ് ആ ഭാഗം മറയ്ക്കുന്നത്. എന്നാൽ ക്രിസ്തിയ പടയാളിയുടെ കവചം നീതിയാണ്. എല്ലാം ശരിയായും നിയമ പ്രകാരവും ചെയുന്ന ശ്രേഷ്ഠ സ്വഭാവമാണ് നീതി. കൂട്ടുകാരന്റെ നന്മ തട്ടിയെടുക്കുന്നതും വഴക്ക് കൂടി കാര്യങ്ങൾ നേടുന്നതും ഒക്കെ അനീതിയാണ്. നീതി ചെയ്യുന്ന, നീതിക്കു ഒപ്പം നില്ക്കുന്ന നല്ല കൂട്ടുകാരായി നമുക്ക് മാറുവാൻ കഴിയട്ടെ.

ഒരു പടയാളിയുടെ കയ്യിൽ എപ്പോഴും പരിച കാണും . ശത്രുവിന്റെ അമ്പും ആയുധങ്ങളും ഒക്കെ തടുക്കുവാൻ ഉപയോഗിക്കുന്ന നമ്മുടെ പരിച വിശ്വാസമാണ്. കുട്ടുകാർക്കെല്ലാം യേശുവിൽ വിശ്വാസം ഇല്ലേ? നമ്മെ രക്ഷിച്ചു സ്വർഗത്തിലേക്ക് കൊണ്ട് പോകുന്ന കർത്താവിനെ നാം വിശ്വാസത്താലാണ് അറിയുന്നത്. നമ്മുടെ കൂടെ എപ്പോഴും യേശു അപ്പച്ചൻ ഉണ്ട് എന്ന വിശ്വാസമാണ് നമ്മുടെ ധൈര്യം. അങ്ങനെ വിശ്വാസം ഉണ്ടെങ്കിൽ സാത്താന് നമ്മെ ഒന്നും ചെയ്യുവാൻ കഴിയില്ല.

ഒരു പടയാളിയുടെ ഏറ്റവും പ്രധാനപ്പെട്ട വസ്ത്രമാണ് അവന്റെ 'ഹെൽമെറ്റ്'. ഒരു ക്രിസ്ത്യാനിയുടെ ശിരസ്ത്രം രക്ഷയാണ്. പാപത്തിൽ നിന്നും ക്രിസ്തു മുഖാന്തരം നമുക്ക് ലഭിച്ചിരിക്കുന്ന വലിയ അനുഭവമാണ് രക്ഷ. രക്ഷയുടെ അനുഭവം ഉള്ളവർ എന്നും സുരക്ഷിതർ ആയിരിക്കും. കുട്ടുകാർ ഒക്കെ രക്ഷയുടെ അനുഭവം പ്രാപിച്ചവരല്ലേ? സുവിശേഷത്തിനുള്ള ഒരുക്കമാണ് പടയാളിയുടെ കാലിനുള്ള ചെരുപ്പ്. നമ്മുടെ ക്ളാസിലുള്ള മറ്റ് കുട്ടികളോടും കൂട്ടുകാരോടും ഒക്കെ നാം യേശുവിനെ പറ്റി പറയാറുണ്ടോ? അവരുടെ ആവശ്യങ്ങളിൽ അവർക്ക് വേണ്ടി പ്രാർത്ഥിക്കാറുണ്ടോ? അങ്ങനെ ചെയ്യുന്ന കൂട്ടുകാരുടെ കാൽ സുരക്ഷിതമായിരിക്കും.



ഇനി, നാം എങ്ങനെ ശത്രുവിനെ ആക്രമിക്കും? യേശുവിനെ പരീക്ഷിക്കുവാൻ വന്ന പിശാചിനെ യേശു എങ്ങനെയാണ് നേരിട്ടത് എന്ന് ഓർക്കുന്നുണ്ടോ? വചനം കൊണ്ടാണല്ലോ,അല്ലെ? അതുപോലെ ക്രിസ്തീയ പടയാളിയുടെ വാൾ ദൈവവചനം ആണ്. സണ്ടേസ്കൂളിൽ ദൈവവചനവും വാക്യങ്ങളും പഠിക്കുന്നത് എത്ര മാത്രം പ്രാധാന്യം ഉള്ളതാണ് എന്ന് മനസ്സിലായോ? ഇതിനെല്ലാം ഉപരിയായി പ്രാർത്ഥന എന്ന സ്വഭാവം ഉള്ളവരാണ് പടയാളികൾ.


ക്രിസ്തുവിന്റെ നല്ല പടയാളികളായി യുദ്ധം ചെയ്യുവാൻ കുട്ടുകാർ തയ്യാറാണോ? നല്ല ഗുണങ്ങൾ ജീവിതത്തിൽ ഉള്ളവരായി ജീവിക്കുവാൻ നമുക്ക് കഴിയട്ടെ.

# സ്വയം നന്നാവുക

ബിജു



ടോണിക്കുട്ടന് അവന്റെ പപ്പ ജോലികഴിഞ്ഞ് വന്നപ്പോൾ അവന് ഇന്ത്യയുടെ ഭൂപടം സമ്മാനമായി കൊടുത്തു
ടോണിക്കുട്ടാ... ഇത് സൂക്ഷിച്ചു വയ്ക്കണേ.. ഇന്ത്യയുടെ പടമാ...
ഹായ് തായ്ങ്കൂ പപ്പാ
പപ്പാ കുളിച്ചിട്ട് വന്നിട്ട് ഭിത്തിയിൽ തൂക്കാം നീ ഇത് സൂക്ഷിച്ച് വയ്ക്ക്
ശരി പപ്പാ
INDIA
പപ്പാ കുളികഴിഞ്ഞ് വന്നപ്പോൾ കണ്ടത്...
ടാ ടോണീ....
എന്തോ...


ദേ... നോക്കൂ... ഞാൻ തന്ന പടം കാണിച്ചിരിക്കുന്നത്
ടോണിയുടെ കുഞ്ഞനുജൻ അത് കീറിക്കളഞ്ഞു
യ്യോ... ഞാനത് ടീപ്പോയിൽ വച്ചതായിരുന്നു.
കഷ്ടം നീ സൂക്ഷിച്ചു വയ്ക്കാഞ്ഞിട്ടല്ലേ അവനത് എടുത്ത് കീറികളഞ്ഞത്
വാരിക്കൊണ്ട് പോയി കള ഞാനൊന്നും പറയുന്നില്ല ശ്ശോ...


പപ്പാ
ഉം... എന്താ
ദാ ഞാൻ
പടം ശരിയാക്കി
INDIA
മാപ്പിന്റെ മറുവശം
ഒരു മനുഷ്യന്റെ
ചിത്രമുണ്ടായിരുന്നു.
നോക്കൂ...
ങേ... ശരിയാണല്ലോ
എങ്ങനെ ശരിയാക്കി
ഓഹോ
അത് ചേർത്ത്
വച്ചപ്പോൾ പുറകിലുള്ള
ഇന്ത്യയുടെ പടവും
താനെ ശരിയായി വന്നു.
മിടുക്കൻ ഒരു കാര്യം
ഞാൻ പഠിച്ചു. മനുഷ്യൻ
ശരിയായപ്പോൾ രാജ്യവും ശരിയായി.
നാം നന്നായാൽ നമ്മുടെ
രാജ്യവും നന്നാവും തീർച്ച
INDIA

# ഒരു മാക്രോം കവിത

വായിച്ചു കൊടുക്കാൻ
പറഞ്ഞു മനസ്സിലാക്കാൻ

റെന്നി ജെ.

കിട്ടുതവള പൊട്ടകിണറിൽ വട്ടംചുറ്റി നടന്നു
കണ്ടില്ലൊരു ചെറു പ്രാണിയേയും
ചെറു മീനതിനേയും കഷ്ടം
വയറുവിശന്നു പൊരിഞ്ഞു.
തവള കിടന്നു കരഞ്ഞു
മാക്രോം മാക്രോം മാക്രോം മാക്രോം
പൊട്ടക്കിണറതേറ്റ് പാടി
മാക്രോം മാക്രോം മാക്രോം മാക്രോം
അതു കേട്ടുടനെ മാനമിരുണ്ടു-
ആകാശത്തിൻ കണ്ണു നിറഞ്ഞു
തുള്ളികളങ്ങനെ താഴെക്കൊഴുകി
ചാലുകളായി കിണറിലുമെത്തി
ചാലതിലൂടെ പരൽമീനുകളോ
കിട്ടുവിൻ മുൻപിൽ തുള്ളിച്ചാടി
കിട്ടുവിനങ്ങനെ വയറു നിറഞ്ഞു
ആണ്ടവനോടോ നന്ദി പറഞ്ഞു
പ്രപഞ്ചമാകെ നിറഞ്ഞുനിൽക്കും
കരുണാമയനാം സർവ്വേശ്വരൻ
എല്ലാം നന്നായ് പരിപാലിക്കും
അഖിലാണ്ഡത്തിൻ ഉടമസ്ഥൻ

**ഗുണപാഠം**

"നാം വിലയില്ലെന്നു കരുതുന്ന കുഞ്ഞു ജീവികളെപോലും കരുതുന്നവനാണ് നമ്മുടെ ദൈവം. അങ്ങനെയെങ്കിൽ നമ്മെ അവിടുന്ന് എത്രയധികം കരുതുകയും സ്നേഹിക്കുകയും ചെയ്യുന്നുണ്ടാകും അല്ലേ?"








## കിളിക്ക് നിറം കൊടുക്കാമോ?

**വലതുവശത്ത് കൊടുത്തിരിക്കുന്ന ചിത്രത്തിലെ നിറങ്ങൾ നോക്കി ചെയ്യണേ....**

## 1, 2, 3, 4...
## അറിയാമോ കൂട്ടുകാരേ

**എങ്കിൽ 1 മുതൽ 17 വരെയുള്ള കുത്തുകൾ തമ്മിൽ വരച്ചു യോജിപ്പിച്ച്**

**ചിത്രം പൂർത്തിയാക്കൂ...**



# ചങ്ങാതി നന്നായാൽ....

ബിജു ജോൺ പുതുപ്പള്ളി

പതിവുപോലെ ഇന്നും കഥകേൾക്കണമെന്ന വാശിയിലാണ് സ്റ്റീവ് കുട്ടൻ. ഒടുവിൽ സമ്മതം മൂളിയ അമ്മ പണികൾ തീർത്ത് അവനെ ഒക്കത്തിരുത്തി കഥ പറഞ്ഞുതുടങ്ങി.....

"ഒരിടത്തൊരിടത്ത് ഒരു കാട്ടിൽ ഒരു സിംഹരാജാവ് ഉണ്ടായിരുന്നു....ഒരു ദിവസം രാജാവ് ഒരു മന്ത്രിയെ നിയമിക്കാൻ തീരുമാനിച്ചു. ഇതറിഞ്ഞ് ഒരു കഴുതയും കുരങ്ങനും രാജാവിനെ കാണാനെത്തി.



"പ്രഭോ ഞങ്ങളെ അങ്ങയുടെ മന്ത്രിയാക്കണേ.....

രാജാവ് പറഞ്ഞു: "എനിക്ക് രണ്ടുപേരെ വേണ്ട ഒരാളെ മതി"

കുരങ്ങൻ മുന്നോട്ടുവന്നു. "പ്രഭോ ഞാനിത്രയും നാൾ ഒരു മനുഷ്യനോടൊപ്പമാണ് താമസിച്ചിരുന്നത്"

അതുകേട്ട രാജാവ് "കൊള്ളാം " കഴുതയുടെ നേരെ തിരിഞ്ഞ് കഴുതയോട് ചോദിച്ചു.

"നീയോ" ഉടൻ തന്നെ കഴുത മറുപടി പറഞ്ഞു.

"ഞാനും മനുഷ്യരുടെ കൂടെയായിരുന്നു." എന്നെട്ടെന്താ നീ അവരെ ഉപേക്ഷിച്ചുപോന്നത്"

സങ്കടത്തോടെ കഴുത പറഞ്ഞു.

''യജമാനന് വേണ്ടി സ്വർണ്ണവും പണവും ചുമക്കുന്ന ജോലിയായിരുന്നു എനിക്ക്! പക്ഷേ ഒരു ദിവസം യജമാനനെ രാജാവിന്റെ ഭടന്മാർ പിടികൂടി തടവിലാക്കി. അങ്ങനെ ഞാൻ അനാഥനായി ". സിംഹരാജാവ് കുരങ്ങനെ നോക്കി. അടുത്ത ഊഴം തനിക്കാണെന്നു മനസ്സിലാക്കിയ കുരങ്ങൻ പറഞ്ഞു. ഞാനൊരു വൃദ്ധനോടൊപ്പമായിരുന്നു കഴിഞ്ഞിരുന്നത്. അനാഥനായ അദ്ദേഹം എപ്പോഴും പ്രാർത്ഥിച്ചും മറ്റുള്ളവരെ സഹായിച്ചും ആണ് കഴിഞ്ഞിരുന്നത്. എന്നാൽ അദ്ദേഹം ഈയിടെ മരിച്ചു....ഇതുകേട്ട സിംഹരാജാവ് ഉറച്ച തീരുമാന

ത്തോടെ പറഞ്ഞു. "ശരി..വൃദ്ധനോടൊപ്പം താമസിച്ച നിന്നെ നാം മന്ത്രിയായി നിയമിച്ചിരിക്കുന്നു. ഇതുകേട്ട കഴുത ഞെട്ടി.

"പ്രഭോ,സ്വർണ്ണം ചുമന്നു നടന്ന എന്നെക്കാൾ സമർത്ഥനാണോ ഏതോ വയസ്സന്റെ സഹായിയായ ഇവൻ?"

"സംശയമെന്ത് ? ഇവനാണ് മിടുക്കൻ" സിംഹരാജാവ് പറഞ്ഞു.

"വിലപിടുപ്പുള്ളതാണെങ്കിലും നീ ചുമന്ന സ്വർണ്ണം നിന്റെ യജമാനൻ മോഷ്ടിച്ചതാണ്. അതാണ് യജമാനൻ തടവിലാകാനുള്ള കാരണം. പക്ഷേ ഇവനാകട്ടെ ദൈവഭയമുള്ള മനുഷ്യനോടൊപ്പമാണ് കഴിഞ്ഞത്. ആരോട് കൂട്ടുകൂടുന്നു എന്നതിൽ നിന്ന് നമുക്ക് ഓരോരുത്തരുടെയും സ്വഭാവം മനസ്സിലാക്കാം." സിംഹരാജാവ് പറഞ്ഞതു കേട്ട് കഴുത ലജ്ജിച്ച് തിരിഞ്ഞു നടക്കുമ്പോൾ മനസ്സിൽ പറഞ്ഞു. "കഷ്ടം ഒരു കള്ളനോടാണല്ലോ ഞാനിതുവരെ കൂട്ടുകൂടിയത്." കഥപറഞ്ഞു തീർന്നപ്പോൾ സ്റ്റീവ് കുട്ടൻ പറഞ്ഞു. " അമ്മേ... ഞാൻ ഒരിക്കലും തെറ്റായ കൂട്ടുകെട്ടിൽ പോകില്ല .."

നല്ലതീരുമാനത്തോടെ അവൻ അമ്മയുടെ മാറിൽ തലചാരി ഉറങ്ങി.


**SUNDAY SCHOOL DEPARTMENT**

Programme Calendar 2019

- **സമ്മർ ക്യാമ്പ്**
  ഏപ്രിൽ 29 – മെയ് 1
  (തിരുവനന്തപുരം)
- **സെക്രട്ടറിമാരുടെ സമ്മേളനം**
  ജൂലൈ 6
- **സൺഡേസ്കൂൾ ഡേ**
  ഓഗസ്റ്റ് 11
- **സ്റ്റേറ്റ് ക്യാമ്പ്**
  സെപ്റ്റംബർ 9 – 11
- **സ്റ്റേറ്റ് താലന്ത് പരിശോധന**
  നവംബർ 9
- **വാർഷിക പരീക്ഷ**
  നവംബർ 24
- **മെറിറ്റ് പരീക്ഷ**
  ഡിസംബർ 28

കൂടുതൽ വിവരങ്ങൾക്ക് **9847820405**


കവിത

# യേശുവിൻ കൃപകൾ

മഞ്ഞുപോൽ മാരിപോൽ യേശുവിൻ കൃപകളും
മാറോടണച്ചീടും കരുതലിൻ വിധങ്ങളും
മഴവില്ലിൻ ഭംഗിപോൽ നിറമാർന്ന സ്നേഹവും
മതിയാകുവോളവും പകർന്നെന്നെ പുലർത്തിടും!
മനുജരിൻ സ്നേഹമോ മാറി മറഞ്ഞീടാം
മാതാവിൻ സ്നേഹത്തിൽ മാറ്റം ഭവിച്ചിടാം
മാറാത്ത സഖിയാമെൻ യേശുവിൻ സ്നേഹമോ
മറക്കാതെ സഖിയാമെൻ ശേുവിൻ സ്നേഹമോ
മറക്കാതെ മയങ്ങാതെ കാത്തീടുമനുദിനം!
മലകളും പുഴകളും മരുഭൂമങ്ങളും
മന്നാധിമന്നന്റെ മഹിമയിൻ പ്രവൃത്തികൾ
മഹിമവിട്ടെനിക്കായി മന്നിതിൽ വന്നതാൽ
മന്നിതിൽ ഞാനെത്ര ഭാഗ്യമേറും മനുജനായ്
മാറി മറഞ്ഞീടും ലോകത്തിൻ കാഴ്ചകൾ
മയക്കീടാതെന്നെ നീ കാത്തിടണേ നാഥാ
മനസ്സോടെ അങ്ങയെ പിൻപറ്റിടാനായ്
മുഴുവനുമായെന്നെ സമർപ്പിച്ചീടുന്നിതാ!!

*ലൗലി ഷാജി തോമസ്*

**TALENT TEST 2018**
**INDIVIDUAL CHAMPION**



**JENNIFER J ANN**
Puliyancode, Trivandrum (Town)
11 Points

# സൈമൺ ഷേക്സ്പിയർ



## ആദിയിൽ വേദപുസ്തകമുണ്ടായി, അതിൽ നിന്ന് സാഹിത്യമുളവായി

മാമോൻ എന്ന ബൈബിളിലെ വാക്ക് കേൾക്കുമ്പോൾ നിങ്ങളുടെ മാമനെ (അമ്മാവൻ) ഓർമ്മ വരുന്നുണ്ടോ. മാമനുമായി യാതൊരു ബന്ധമില്ല ഈ വാക്കിന്. കടലും കടലയും പോലെയുള്ള ബന്ധം മാത്രം. യേശുക്രിസ്തു പ്രയോഗിച്ച പദമാണിത്. അരമായ പദം. രൂപ എന്ന അർത്ഥത്തിൽ ഈ പദത്തെ മനസിലാക്കി വരുന്നു. എന്നാൽ ഭൗതിക വസ്തുക്കൾ എന്നതായിരിക്കും നല്ല പ്രയോഗമെന്നു തോന്നുന്നു. ബൈബിളിൽ പരാമർശിച്ചിരിക്കുന്ന ചുരുക്കം ചില അരമായ പദങ്ങളിലൊന്ന്.

ജോൺ മിൽട്ടൺ എന്ന ഇംഗ്ലീഷ് കവി എഴുതിയ ഇതിഹാസ തുല്യമായ കവിതയാണ്. 'പാരഡൈസ് ലോസ്റ്റ്.' പറുദീസാ നഷ്ടം എന്ന പേരിൽ മലയാളത്തിൽ ഇതു മൊഴിമാറ്റം ചെയ്തിട്ടുണ്ട്. സാത്താനൊപ്പം സ്വർഗത്തിൽ നിന്നു പുറത്താക്കപ്പെട്ട ഒരു വിമത മാലാഖയുടെ പേരാണ് മാമോൻ, ഈ കവിതയിൽ. മാമോൻ സ്വർഗ്ഗത്തിൽ ജീവിച്ചിരിക്കുമ്പോഴും ഭൗതിക ചിന്തയിൽ മുഴുകിയിരുന്നുവെന്നും ദൈവ സാന്നിധ്യത്തേക്കാൾ സ്വർണ്ണ തെരുവിനോടു ഭ്രമം തോന്നിയിരുന്നുവെന്നും ഇതിൽ എഴുതിയിരിക്കുന്നു.

'ഫെയ്റി ക്വീൻ' എന്ന എഡ്മണ്ട് സ്പെൻസറിന്റെ നീണ്ട കവിതയിൽ സർ ഗയോൺ എന്ന വ്യക്തി നരകത്തിനടത്തുള്ള 'മാമോൻ ഗുഹയിൽ പ്രലോഭിതനായിരുന്നുവെന്ന് പറയുന്നു. രണ്ടു കവിതയിലും മാമോനെ, സമ്പത്താകുന്ന തിന്മയുടെ ആൾരൂപമായി പറഞ്ഞിരിക്കുന്നു. 1610 – ൽ ബെൻ ജോൺസൺ എന്ന വ്യക്തി എഴുതിയ നാടകമായ 'ദ ആൽക്കെമിസ്റ്റ്'' (പൗലോ കൊയ്‌ലേയുടെ 'ആൽക്കമിസ്റ്റ്' അല്ല). ലോകപരമായ സുഖങ്ങളിൽ മുഴുകിയിരുന്ന വ്യക്തിയുടെ പേരാണ് 'സർ എപ്പിക്യൂർ മാമോൻ'.

മാമോനിൽ നിന്നു ബെയൽ സെബൂബിലേക്ക്, നമ്മുടെ മനസ്സിനെ തിരിക്കാം. 'ബെയൽ സെബൂബ്'' എന്ന ഈ എബ്രായ പദത്തിന്റെ അർത്ഥം 'ഈച്ചകളുടെ തമ്പുരാൻ' എന്നാണ്. പഴയനിയമത്തിൽ എക്രോനിലെ പാലസ്തീൻ ജനതയുടെ ദേവൻ (2രാജാ.1:2). യേശുവിന്റെയും അപ്പോസ്തലന്മാരുടെയും കാലമായപ്പോൾ 'ബെയൽ സെബൂബ്' ഭൂതങ്ങളുടെ തലവനായ സാത്താനെ ചിത്രീകരിക്കാൻ തുടങ്ങി. യേശുവിന്റെ ശത്രുക്കൾ, യേശു ചെയ്ത അത്ഭുതങ്ങൾ ബെയൽ സെബൂബിനെക്കൊണ്ടാണ് ചെയ്യിക്കുന്നതെന്ന ആരോപണവും ഉയർത്തി. (മർക്കൊ. 3:22, ലൂക്കൊ. 11:15).

ജോൺ മിൽട്ടണിന്റെ 'പാരഡൈസ് ലോസ്റ്റിൽ' തന്നെയാണ് സാഹിത്യത്തിൽ കാണുന്ന ഏറ്റവും പ്രസിദ്ധനായ ബെയൽ സെബൂബ്. പിശാചായി തന്നെയാണ് അവനെ ഈ കൃതിയിൽ അവതരിപ്പിച്ചിരിക്കുന്നത്. 'മൂത്ത' സാത്താൻ അല്ലായിരുന്നു അവൻ. സാത്താന്റെ വലങ്കൈ. അധികാരത്തിൽ രണ്ടാം സ്ഥാനം അധികാരത്തിലും ക്രൂരതയിലും സാത്താനു ശേഷം സ്ഥാനമുള്ള പിശാച്. ക്രിസ്റ്റഫർ മാർലോയുടെ നാടകമായ 'ദ ട്രാജിക്കൽ ഹിസ്റ്ററി ഓഫ് ഡോക്ടർ ഫോസ്റ്റസി'ൽ ഫോസ്റ്റസിന്റെ ആത്മീയ നാശത്തിനു ഉത്തരവാദിയാകുന്ന മൂന്നു പിശാചുക്കളിൽ ഒരാളാണ് ബെയെൽസെബൂബ്.

വില്യം ഗോൾഡിങ്ങ് എന്ന ഇംഗ്ലീഷ് എഴുത്തുകാരൻ 'ലോർഡ് ഓഫ് ദ് ഫ്‌ളൈസ്'' എന്ന നോവലിൽ മരുസമാനമായ ദ്വീപിൽ അകപ്പെട്ട സ്കൂൾ കുട്ടികൾ പൈശാചികതത്വത്തിലേക്ക് തിരിച്ചു പോകുന്ന കാഴ്ചയാണ് അവതരിപ്പിക്കുന്നത്. ഈ പുസ്തകത്തിന് 'ബെയൽ സെബൂബ്'' എന്ന വാക്കിന്റെ അർത്ഥമാണ് പേരായി ഇട്ടിരിക്കുന്നത് – ഈച്ചകളുടെ തമ്പുരാൻ. ഒരു കാട്ടുപന്നിയുടെ തലയ്ക്കു ചുറ്റും ഈച്ചകൾ പൊതിയുന്ന ദൃശ്യം ഇതിൽ കാണാവുന്നതാണ്.

സാഹിത്യ ലോകത്തിൽ നിരവധി ബൈബിൾ വാക്കുകളും ബിംബങ്ങളും കാണാവുന്നതാണ്. ഇവിടെ കുറിക്കപ്പെട്ടത് ചിലതു മാത്രം.



# വഴികാട്ടി നക്ഷത്രം

ആകാശത്ത് മിന്നുന്ന നക്ഷത്രങ്ങളെ നാം അത്ഭുതത്തോടെ നോക്കാറുണ്ട്, ചിലപ്പോഴൊക്കെ അവ നമ്മെ നോക്കി പുഞ്ചിരിക്കുകയാണെന്ന് തോന്നും അല്ലേ? അങ്ങനെ മിന്നിത്തിളങ്ങുന്ന, നീളൻ വാലൊക്കെയുള്ള ഒരു സുന്ദരൻ നക്ഷത്രം, അവനാണ് നമ്മുടെ കഥാനായകൻ. കാണാൻ ഒക്കെ സുന്ദരമായിരുന്നു എങ്കിലും മറ്റ് നക്ഷത്രങ്ങൾക്കൊന്നും അവനെ ഇഷ്ടമല്ലായിരുന്നു. കാരണം അവന്റെ രൂപം തന്നെയായിരുന്നു. കൂടെ കുറച്ച് അസൂയയും ഉണ്ടെന്ന് കൂട്ടിക്കോളൂ. ആരും അവനോട് കൂട്ടുകൂടിയില്ല, അവനെ ഒറ്റപ്പെടുത്തി തരം കിട്ടുമ്പോഴെല്ലാം കളിയാക്കിയും പോന്നു. ഒരിക്കൽ മഞ്ഞു പെയ്യുന്ന ഒരു രാത്രിയിൽ ഒരു മാലാഖ ആകാശത്ത് പ്രത്യക്ഷപ്പെട്ട് നക്ഷത്രങ്ങളെയെല്ലാം വിളിച്ച് കൂട്ടി പറഞ്ഞു. "ഇത് വളരെ പ്രത്യേകതയുള്ള ഒരു രാത്രിയാണ്. കാരണം ഈ കാണുന്ന പ്രപഞ്ചത്തിന്റെ ഉടമസ്ഥൻ ഒരു പൈതലായി ഭൂമിയിൽ പിറന്നിരിക്കുന്നു. തന്നെ കാണുവാൻ മൂന്ന് രാജാക്കന്മാർ പുറപ്പെട്ടിട്ടുണ്ട്. ഈ തണുപ്പിലും ഇരുട്ടിലും വഴിയറിയാതെ അവർ ബുദ്ധിമുട്ടുകയാണ് നിങ്ങളിൽ ആരെങ്കിലും ഒരാൾ അവരെ ഉണ്ണിയേശുവിന്റെ അടുക്കലേക്ക് വഴികാണിക്കേണം". മാലാഖ പറഞ്ഞു തീർന്നില്ല ഞാൻ പോകാം. ഞാൻ പോകാം അവിടെ ആകെ ബഹളമായി. "നിങ്ങളെല്ലാവരും നിശബ്ദരായിരുന്നാൽ ഞാൻ ഒരാളെ തിരഞ്ഞെടുക്കാം" മാലാഖ പറഞ്ഞു. ആകാശം നിശബ്ദമായി. മാലാഖ നക്ഷത്രങ്ങൾക്കിടയിലൂടെ കണ്ണോടിച്ചു. അതാ ആ കോണിൽ ആരും കാണരുതേ എന്ന രീതിയിൽ ഒളിച്ചിരിക്കുന്നു നമ്മുടെ നീളൻ വാലുള്ള നക്ഷത്രക്കുട്ടൻ. നക്ഷത്രക്കുട്ടനെ മാലാഖയ്ക്ക് ഇഷ്ടമായി "രാജാക്കന്മാർക്ക് വഴികാട്ടുവാൻ ഇവൻ മതി. ഇവന്റെ നീളൻവാൽ കൂടുതൽ പ്രകാശം പരത്തി രാജാക്കന്മാരെ സന്തോഷിപ്പിക്കും." ഏവരും സ്തബ്ധരായിരിക്കുമ്പോൾ മാലാഖ നക്ഷത്രക്കുട്ടനെയും കൂട്ടി ദൂരെ മറഞ്ഞു.

വാൽക്കഷ്ണം: "ദൈവത്തിന്റെ രൂപത്തിലും ഛായയിലുമാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് മറ്റുള്ളവർ നമ്മിൽ കാണുന്ന കുറവുകൾ കൊണ്ട് നമ്മുടെ ജീവിതത്തെ തളർത്തരുത്."

ആർ. ജെ.

# ഭാഗ്യവാൻ

## മിടുക്കനായൊരു മണ്ടൻ

ഭാഗ്യവാൻ മിടുക്കനായിരുന്നു. പക്ഷേ പലപ്പോഴും പേരുപോലെ തന്നെ ഭാഗ്യംകൊണ്ടായിരുന്നു പല മണ്ടത്തരങ്ങളിൽ നിന്നും അവൻ രക്ഷപ്പെട്ടിരുന്നത്.









# Chicken Pox

# ചിക്കൻ പോക്സ്

**പ്രൊഫ. സജിനി ബ്ലെസൻ**

വേനൽക്കാലത്തോടൊപ്പം വേനൽക്കാല രോഗങ്ങളും ഓടിയെത്താറുണ്ട്. അത്തരത്തിൽ ഉള്ള ഒരു പ്രധാന വില്ലനാണ് ചിക്കൻ പോക്സ് (Chicken Pox Varicella virus).

ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് വളരെ പെട്ടെന്ന് പകരുന്ന വൈറൽ രോഗമാണ് ചിക്കൻ പോക്സ്. വെരിസെല്ല സോസ്റ്റർ (Varicella Zoster) എന്ന വൈറസാണ് ഈ രോഗം പരത്തുന്നത്.

### ഇൻക്യൂബേഷൻ കാലാവധി

ഒരാളുടെ ശരീരത്തിൽ രോഗാണു കയറി കഴിഞ്ഞു 10 - 21 ദിവസം വരെയാണ് രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുവാൻ എടുക്കുന്നത്.

### രോഗം പകരുന്ന രീതി

രോഗി ചുമയ്ക്കുന്നതിലൂടെയും തുമ്മുന്നതിലൂടെയും വായു വഴിയും രോഗം പകരുന്നു . ഒപ്പം തന്നെ രോഗിയുടെ ശരീരത്തിൽ ഉള്ള കുമിളകളിലെ വെള്ളത്തിലൂടെയും രോഗം പകരുന്നു.



### എപ്പോഴാണ് രോഗം പകരുന്നത് ?

ത്വക്കിൽ കുരുക്കൾ പ്രത്യക്ഷമാകുന്നതിനു ഒന്നോ രണ്ടോ ദിവസങ്ങൾ മുൻപ് മുതൽ തന്നെ രോഗം പകർന്നു തുടങ്ങും. കുരുക്കൾ പ്രത്യക്ഷപ്പെട്ട ശേഷം 10 ദിവസം വരെ രോഗപകർച്ച ഉണ്ടാകാം.

### രോഗലക്ഷണങ്ങൾ

കടുത്ത പനി, തലവേദന, ശരീര വേദന, ഛർദ്ദി.

തീപൊള്ളൽ ഏറ്റപോലെയുള്ള കുമിളകൾ മുഖം നെഞ്ച്, തലയോട്ടി എന്നിവിടങ്ങളിൽ ആദ്യം പ്രത്യക്ഷപ്പെടുന്നു.

ചെറിയ കുരുക്കളായി പ്രത്യക്ഷപ്പെട്ട് വെള്ളം നിറഞ്ഞ് വലിയ കുമിളകളായി,പൊറ്റായി മാറി ഇല്ലാതെയാകുന്നു. ഇതിനു 6 മുതൽ 10 ദിവസങ്ങൾ വരെ എടുക്കുന്നു.

### ചികിത്സ

- പരിപൂർണ്ണ വിശ്രമം
- ഭക്ഷണത്തിൽ ഇലക്കറികൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവ ഉൾപ്പെടുത്തുക
- നന്നായി വെള്ളം കുടിക്കുക
- ശുചിത്വം ശ്രദ്ധിക്കുക. എല്ലാ ദിവസവും കുളിക്കുക. കൈകളിലെ നഖം വെട്ടി വൃത്തിയാക്കുക.
- നല്ല കാറ്റും വെളിച്ചവും ഉള്ള മുറിയിൽ വിശ്രമിക്കുക
- കുരുക്കൾ പൊട്ടിയാൽ അണുബാധ ഉണ്ടാകും എന്നതിനാൽ കുരുക്കൾ ചൊറിയുകയോ അമർത്തി തിരുമുകയോ ചെയ്യാതിരിക്കുക.
- ചിക്കൻ പോക്സിനെ പ്രതിരോധിക്കുവാൻ വാക്സിനുകൾ ലഭ്യമാണ്

(1980ൽ ലോകാരോഗ്യസംഘടന പൂർണ്ണമായി തുടച്ചുനീക്കി എന്നവകാശപ്പെടുന്ന small pox (വസൂരി) ചിക്കൻ പോക്സല്ല) ■






# അറിവിലേക്കൊരു കോവേണി





1. രാത്രിയിൽ തങ്ങളുടെ കവാടങ്ങൾ പൂട്ടുവാൻ സാധിക്കുന്ന ലോകത്തിലെ ഒരേയൊരു രാജ്യം. ഈ രാജ്യത്തിന്റെ പട്ടാളത്തിന്റെ പേര് 'സ്വിസ് ഗാർഡ്' എന്നാണ്. ഏതാണീ രാജ്യം?
2. ലോകത്തിൽ ഏറ്റവും കൂടുതൽ സംസാര ഭാഷയുള്ള രാജ്യമാണിത്. 830 സ്വദേശീയമായ ഭാഷകൾ ഇവിടെ സംസാരിക്കുന്നു ഔദ്യോഗിക ഭാഷയുടെ പേര് ടോക് പിസിൻ. ഇതാണ് ഇംഗ്ലീഷ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വ്യാപകമായി സംസാരിക്കുന്ന ഭാഷ ഏത് രാജ്യമാണിത്?
3. രാത്രി പ്രകാശപൂരിതമായിരിക്കും. ചക്രവാളത്തിനു താഴെ സൂര്യൻ അസ്തമിക്കുന്നില്ല. ഈ പ്രതിഭാസം കാണുന്നത് റഷ്യയിലെ ചില ഭാഗങ്ങളിൽ. ജൂണിലെ അവസാന ദിവസങ്ങളിലാണ് ഇങ്ങനെ സംഭവിക്കുന്നത്. എന്താണ് ഈ പ്രതിഭാസത്തിന്റെ പേര്?
4. ഈ ദ്വീപിന് പേരിട്ടത് അഡ്മിറൽ റൊഗേവിൻ എന്ന ഡച്ച് പര്യവേഷകനായിരുന്നു. ഇദ്ദേഹം ഈ ദ്വീപിന് പേരിട്ടത് ഈ ഞായറാഴ്ച ആയതു കൊണ്ടാണ്. നിർജ്ജീവമായ അഗ്നി പർവ്വതത്തിൽ നിന്നുള്ള പാറയിൽ നിന്ന് കൊത്തിയെടുത്ത ഭീമൻ പ്രതിമകൾക്ക് പ്രശസ്തമാണിവിടെ. ഏതു ദ്വീപ്?








5. രാജ്യത്തിന്റെ ഉച്ചാരണം മാറ്റിയ ലോകത്തിലെ ഒരേയൊരു രാജ്യം.
6. പടിഞ്ഞാറ് പോർച്ചുഗൽ മുതൽ കിഴക്ക് സിറിയ വരെയും വടക്ക് ബ്രിട്ടൻ തൊട്ട് മെഡിറ്ററേനിയനു കുറുകെ വടക്കേ ആഫ്രിക്കയിലെ മരുഭൂമി വരെയും ഇതു വ്യാപിച്ചു കിടന്നിരുന്നു. 2 ½ കോടി മൈൽ ദൂരമുണ്ടായിരുന്നു ഇതിന് 12 കോടി ജനങ്ങൾ ഉണ്ടായിരുന്നു. എ.ഡി. 117-ൽ തങ്ങളുടെ പ്രസിദ്ധിയുടെ കൊടുമുടി തൊട്ട ഇവർ ആര്?



7. കടയുടെ മുമ്പിൽ നിന്നുകൊണ്ട് അതു വഴി പോകുന്നവരുടെ ശ്രദ്ധ ക്ഷണിച്ച് കടയിൽ കയറ്റാൻ ശ്രമിക്കുന്നവരെ കണ്ടിട്ടില്ലേ? കടയുടമകളാണവരെ ഇങ്ങനെ നിയോഗിക്കുന്നത്? ഇങ്ങനെയുള്ളവരെ എന്തു വിളിക്കും?
8. 1801-ൽ ഭൂമിശാസ്ത്രം പഠിപ്പിക്കുമ്പോൾ ജെയിംസ് പില്ലൻസ് (James pillans) ഉപയോഗിച്ച കാര്യം ലോകമൊട്ടാകെ പ്രശസ്തമായി എന്താണത്?
9. ഈ രാജ്യത്തിന്റെ പ്രസിഡന്റായ ചെയിം വെയിസ്മാന്റെ മരണത്തിനു ശേഷം ഒരു ശാസ്ത്രജ്ഞനു യിസ്രായേൽ പ്രസിഡന്റ് പദവി വാഗ്ദാനം ചെയ്യപ്പെട്ടു. എന്നാൽ ഈ ശാസ്ത്രജ്ഞൻ ഈ വാഗ്ദാനം നിരസിച്ചു, ഇങ്ങനെ പറഞ്ഞു കൊണ്ട് "ആളുകളുമായി ശരിയായി സംവദിക്കുവാനുള്ള അനുഭവമോ, സ്വാഭാവികമായ അഭിരുചിയോ എനിക്കില്ല." ആരാണീ മഹാനായ ശാസ്ത്രജ്ഞൻ?



10. 'He is carefully careless' - ഇദ്ദേഹത്തെക്കുറിച്ച് ഇദ്ദേഹത്തിന്റെ ഒരു സെക്രട്ടറി പറഞ്ഞതാണിത് കാൻവാസ് ഷൂ കീറി ഒരു ചെറുവിരൽ പുറത്തു കാണും വിധം കാൻവാസ് ഷൂ ധരിച്ചു വന്നപ്പോൾ പറഞ്ഞതാണിത്. ആരെക്കുറിച്ചാണിങ്ങനെ പറഞ്ഞത്?



ഉത്തരങ്ങൾ
1. വത്തിക്കാൻ 2. പാപ്പുവ ന്യൂ ഗിനി 3. White Nights 4. ഈസ്റ്റർ ഐലൻഡ് 5. കെനിയ പണ്ട് 'കീനിയ' എന്ന് ഉച്ചരിച്ചിരുന്നു ഇപ്പോൾ കെനിയ എന്നും (തങ്ങളുടെ നേതാവ് ജോമോ കെനിയാറ്റയുടെ പേരിന്റെ അവസാന ഭാഗം എങ്ങനെ ഉച്ചരിച്ചോ അങ്ങനെ തന്നെ രാജ്യത്തിന്റെ പേര് ഉച്ചരിക്കാൻ തീരുമാനിച്ചു) 6. റോമൻ സാമ്രാ ജ്യം 7. Shop walker 8. ബ്ലാക്ക് ബോർഡിൽ ചോക്ക് കൊണ്ടെഴുതുന്നത് 9. ആൽബർട്ട് ഐൻസ്റ്റൈൻ 10. ജവാഹർലാൽ നെഹ്റു.



വേദബന്ധു

# ആദാമിന്റെ ആപ്പിൾ





'യൂദാസിന്റെ ചതി'യെപ്പറ്റി ഒരിക്കലെങ്കിലും കൂട്ടുകാർ സംസാരിച്ചു കാണണം. നമ്മെ ചതിക്കുന്ന, അപായപ്പെടുത്തുന്ന സുഹൃത്തുക്കളെ നോക്കി ഈ പ്രയോഗം നാം വച്ചു കാച്ചിയിരിക്കണം. എവിടെ നിന്നാണ് ഈ പ്രയോഗം വന്നത്. ബൈബിളിൽ നിന്നു തന്നെ. വല്ലപ്പോഴും 'ഇസ്കു'മായിരുന്ന ഇസ്ക്കരിയോത്ത യൂദയിൽ നിന്നാണ് നമ്മുടെ മനസിലേക്ക് ഇത് ചേക്കേറിയത്. ഇങ്ങനെ വേദപുസ്തകത്തിലെ വ്യക്തികളിൽ നിന്ന് ഇംഗ്ലീഷ് ഭാഷയിലേക്കും മലയാള ഭാഷയിലേക്കും ലോകത്തിലെ വിവിധ നാടുകളിലേക്കും സ്ഥാനമുറപ്പിച്ച സിംഹാസനസ്ഥരായ ചിലരെ ഇവിടേക്ക് ഒരു ഒത്തുചേരലിനായി ക്ഷണിച്ചാലോ. ആ കൂടിച്ചേരലിൽ നിന്നു നിങ്ങൾക്കു കിട്ടുന്നതോ ഒരു കൂട്ടം നല്ല പ്രയോഗങ്ങളും.

ഒന്നാമത് നമ്മുടെ മോശെ തന്നെ ആയിക്കോട്ടെ. ലോകസൗമ്യനായിരുന്നു മോശെ. ദൈവത്തെ മുഖാമുഖമായി കണ്ട ഏക വ്യക്തിയെന്നു പറയാവുന്ന അദ്വിതീയ വ്യക്തിത്വം. ആധുനിക ഭാഷയിൽ പറഞ്ഞാൽ മാനേജ്മെന്റ് ഗുരു. ആ ഗുരുവിന്റെ പിന്നിൽ ലക്ഷക്കണക്കിനു ആളുകൾ ഇറങ്ങിത്തിരിച്ചു. അദ്ദേഹത്തെ 'Meek as Moses' എന്ന പ്രയോഗത്തിലൂടെ ഒരു പ്രമുഖ സ്ഥാനം നൽകി ആദരിച്ചു നമ്മൾ. അതി സൗമ്യനായിരുന്നു മോശെ ഇത്രയും ജനങ്ങളെ നയിക്കുന്ന ആളുടെ സൗമ്യത ഒന്നു ആലോചിച്ചു നോക്കൂ.

സൗമ്യതയിൽ നിന്നു കരച്ചിലിലേക്കു വന്നാൽ മഗ്ദലനമറിയത്തെ കാണാം അവിടെ. തന്റെ കഴിഞ്ഞ കാല പാപത്തെക്കുറിച്ച് ഓർത്തു കരയുന്ന മറിയമാണ് അവിടെ നിൽക്കുന്നത്. (മഗ്ദലന മറിയം ദുർന്നടപ്പുകാരിയാണെന്ന് ബൈബിൾ പറയുന്നില്ല, കേട്ടോ). 'Maudlin' എന്ന വാക്ക് 'മാഗ്ദലനയെ' ഒന്നു വക്രീകരിച്ച് പറഞ്ഞാൽ നമുക്ക് കിട്ടും. Maudlin, Maudlinsim എന്നീ പ്രയോഗങ്ങൾ അതിനാടകീയത, അതിവികാരതീവ്രമായ അവസ്ഥ എന്നിവയെ കാണിക്കുന്നു.



ദരിദ്രനായ ഒരു വ്യക്തിയെ ലാസർ എന്ന മനോഹരമായ പേര് കൊടുത്ത് യേശു ഉപമയിലൂടെ ആദരിച്ചപ്പോൾ ലാസർ നമ്മുടെയുള്ളിൽ സ്ഥാനം പിടിച്ചു. അബ്രഹാമിന്റെ മടിയിൽ ഇരിക്കുന്നവനായിട്ട്. വ്രണം നിറഞ്ഞവനായിരുന്നതു കൊണ്ട് ലോകം അവനെ കുഷ്ഠരോഗിയായി കണ്ടു. അങ്ങനെ കുഷ്ഠരോഗികൾ താമസിക്കുന്ന വീടിന് അല്ലെങ്കിൽ കോളനിക്ക് "Lazaretto' എന്ന പേരിട്ടു. ലാസറിന്റെ പേരിൽ നിന്ന് പേര് വരുന്ന വഴി നോക്കണേ!

രഹസ്യം അറിയുന്നതിന് നാം പല മാർഗങ്ങൾ സ്വീകരിക്കാറുണ്ട്. മറഞ്ഞു നിന്നു കേൾക്കും. മറ്റുള്ളവരിൽ നിന്ന് ചോദിച്ചു മനസിലാക്കും. അങ്ങനെ പലതും. പണ്ട് കാലത്ത് ജയിൽ അധികാരികൾ തടവു പുള്ളികളുടെ ചെയ്തികൾ കണ്ടുപിടിക്കുന്നതിന് വേണ്ടി അവരുടെ വാതിലിൽ ഒരു ചെറിയ ദ്വാരമുണ്ടാക്കി നോക്കുന്ന പതിവുണ്ടായിരുന്നു. രഹസ്യമായി ഇസ്കരിയോത്ത യൂദ യേശുവിനെ വഞ്ചിക്കുവാൻ കൂട്ടു നിന്നതു പോലെ. അവിടെ അതിനു പേരു വീണു. Judas Hole, Judas window എന്ന്. നമ്മുടെ ചില വീട്ടിലും ഇങ്ങനെ വാതിലിൽ ഒരു 'തുള'യിടാറുണ്ട്. വെളിയിൽ ആരു വന്നുവെന്ന് രഹസ്യമായി അറിയാൻ. അങ്ങനെ യൂദയുടെ പേരിൽ നിന്ന് ആ 'തുള'യ്ക്ക് 'Judas Hole' എന്ന പേര് ചാർത്തപ്പെട്ടു.



ഇനി ഒരു പ്രശസ്തമായ 'Apple' ന്റെ കഥ പറഞ്ഞ് ഇത് നിർത്താം. പുരുഷന്റെ തൊണ്ടമുഴയ്ക്ക് 'Adam's Apple' എന്നാണ് പറയാറ്. സ്ത്രീകളുടെ തൊണ്ടയിലുള്ളതിനേക്കാൾ കൂടുതൽ എഴുന്നു നിൽക്കുന്ന മുഴ പുരുഷന്മാരുടേതാണ്. ആദം കഴിച്ചത്, ഏദെൻ തോട്ടത്തിൽ വച്ച്, ഹൗവ്വ കൊടുത്ത ആപ്പിൾ ആയിരുന്നു എന്നാണ് വെപ്പ്. ബൈബിളിൽ അങ്ങനെ പറയുന്നില്ലെങ്കിലും. അവിടെ അത് നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷമെന്നാണ്. അങ്ങനെ ആദാമിന്റെ തൊണ്ടയിൽ ആ ആപ്പിൾ എന്നന്നേക്കുമായി കുടുങ്ങിയതിനാൽ ഈ പേര് കിട്ടി എന്നാണ് പറയുന്നത്! ചരിത്രം പോയ പോക്കേ!

നമ്മുടെ വേദപുസ്തകം ഒരു അക്ഷയഖനിയാണ്. വായിച്ചാലും വായിച്ചാലും എഴുതിയാലും എഴുതിയാലും തീരാത്ത ഒരു അപൂർവ്വ നിലയില്ലാ നിലവറ. ആ നിലവറ നമുക്ക് ആവോളം മതി വരാതെ കണ്ടാസ്വദിക്കാം, വായിച്ചാസ്വദിക്കാം.

# ക്രിസ്തുവിന്റെ ജനനം

ബിജു




നേരം ഇരുട്ടിത്തുടങ്ങുന്നു. നമുക്ക് യാത്ര തുടരാം.
ശരി...
അല്പദൂരം സഞ്ചരിച്ചപ്പോൾ...
എനിക്ക് സഹിക്കാൻ കഴിയാത്ത വേദന...
വിശ്രമിക്കാനുള്ള സ്ഥലം ഞാൻ നോക്കാം.
ദൈവമേ...
ഒടുവിൽ ആ രാത്രി ഒരാൺകുഞ്ഞിന് മറിയ ജന്മം നൽകി.
ഒടുവിൽ പശുത്തൊഴുത്തിൽ അവർ അഭയം പ്രാപിച്ചു...
വിദ്വാന്മാരും ഇടയന്മാരും വന്നു കണ്ടു...
അങ്ങനെ പ്രവചനത്തിൽ പറയുന്നതുപോലെ യേശുകർത്താവ് ഭൂമിയിൽ ജാതനായി.



# ടെക്കനും ടെക്കിയും



തയ്യാറാക്കിയത്: റെന്നി. ജെ

## കുട്ടി ക്രിമിനലുകൾ



സ്വ.ലേ.

പണ്ട് രാജാക്കന്മാരും രാജ്യങ്ങളും തമ്മിൽ യുദ്ധം ചെയ്തിരുന്നത് സർവ്വ സാധാരണമായിരുന്നു. യുദ്ധത്തിൽ ആളുകൾ മരിക്കുന്നതും എതിരാളികളെ തകർത്ത് വിജയം നേടുന്നതും എല്ലാം നിലനിൽപ്പിന്റെ ആവശ്യവും ആയിരുന്നു. എന്നാൽ കാലഘട്ടങ്ങൾ കഴിയുന്തോറും യുദ്ധങ്ങൾ വിനോദത്തിലേക്ക് വഴിമാറി. ഇന്ന് മറ്റുള്ളവരെ അപായപ്പെടുത്തുന്നതും, മുറിവേൽപ്പിക്കുന്നതും എന്തിനേറെപ്പറയുന്നു കൊല്ലുന്നതുപോലും കുട്ടിക്കളിയായി ചിന്തിക്കുന്ന ഒരു തലമുറ വളർന്നു വരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. മൊബൈലിലെ ഗെയിമുകൾക്കുള്ളിൽ അകപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ ബാല്യകൗമാരങ്ങൾ സ്വയം തീർക്കുന്ന വെല്ലുവിളികളെ തരണം ചെയ്ത് പുറംലോകത്തെത്തുമ്പോൾ എല്ലാം നേടി എന്ന് ചിന്തിക്കുന്നു. എങ്കിലും തികച്ചും അരക്ഷിതരായാണവർ ലോകത്തിൽ ജീവിക്കുന്നത്. തന്നെ തിരുത്തുവാൻ ശ്രമിക്കുന്നവരെല്ലാം തന്റെ ശത്രുക്കൾ ആണെന്ന് ചിന്തിക്കുന്ന മാനസീക അവസ്ഥ ഒരു തലമുറയിൽ കാണുവാൻ ഒട്ടും താമസമില്ല. എങ്ങനെ ഈ തലമുറയെ ഈ ക്രിമിനൽ ചിന്താഗതിയിൽ നിന്നും തിരിക്കാം. അവർ വായനയിലൂടെ വളരട്ടെ, നല്ല ബന്ധങ്ങൾ കെട്ടിപ്പടുക്കട്ടെ, ഉത്തരവാദിത്വബോധമുള്ളവരായി വളർത്തപ്പെടട്ടെ. ദൈവം ആയിരിക്കട്ടെ അവരുടെ ജീവിതത്തിൽ പ്രഥമ സ്ഥാനം വഹിക്കുന്ന നായകൻ.

## മൊബികളുടെ പുതുവത്സര പ്രതികരണം

നീ ഓർക്ക്: 2018നോട് ബൈപറയുവാൻ ന്യൂയോർക്കിൽ ഒത്തുകൂടിയ മൊബികൾ 2019 പുതിയ പ്രതികരണത്തോടെ വരവേറ്റത് ശാസ്ത്രലോകത്തെ അത്ഭുതപ്പെടുത്തി. തങ്ങൾ ഇനി മേലിൽ മോശം സൈറ്റുകൾ കാണിക്കുവാൻ കൂട്ടുനിൽക്കില്ല എന്നും, തങ്ങളെ ഉപയോഗിക്കുന്നതിൽ നിയന്ത്രണങ്ങൾ വരുത്തുവാൻ ശ്രമിക്കും എന്നിങ്ങനെയുള്ള പ്രതിജ്ഞാ വാചകങ്ങൾ 2019നെ ഒരു പ്രതീക്ഷയുടെ വർഷം ആയി മാറ്റും എന്നത് തീർച്ചയാണ്.





## പ്രാർത്ഥിക്കാൻ മറക്കേണ്ട

"ഒരു മരം നടൂ നാളെ അത് നിങ്ങൾക്ക് തണൽ തരും, ഒരു കുട്ടിയെ നേർവഴി കാണിച്ചുകൊടുക്കൂ നമുക്ക് ഒരു ശുഭഭാവിയുണ്ടാകും" നമുക്ക് ഈ പുതിയവർഷത്തിന്റെ തുടക്കത്തിൽ തന്നെ നമ്മുടെ കൂട്ടുകാർക്കായി പ്രാർത്ഥിക്കാം. അവർ നന്മയിൽ വളരുവാൻ, പ്രലോഭനങ്ങളിലും, അടിമത്തങ്ങളിലും അകപ്പെടാതെ ഇരിക്കുവാൻ, നാം ആരായി മാറേണം എന്ന ദൈവേഷ്ടം മനസ്സിലാക്കുവാൻ.

## പരിസ്ഥിതി മലിനീകരണം എന്റെ പങ്ക്

ഇന്നു നാം കാണുന്ന കാലാവസ്ഥാവ്യതിയാനങ്ങൾക്കും, അടിക്കടി ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾക്കും എല്ലാം പരിസ്ഥിതി മലിനീകരണം ഒരു മുഖ്യകാരണം ആണെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. ശാസ്ത്രം ഇത്രയേറെ പുരോഗമിച്ചിട്ടും ഈ സ്ഥിതി വളർന്നു വരുന്നതായാണ് കാണപ്പെടുന്നത്. ഇ-വെയ്സ്റ്റ് ഇന്ന് മനുഷ്യരാശിയുടെ നിലനിൽപ്പിന് തന്നെ ഭീഷണിയായ രീതിയിൽ വർദ്ധിച്ചു വരുന്നു. വിവേകത്തോടെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു പുതിയ തലമുറ, അതിനു മാത്രമേ ഈ സ്ഥിതിവിശേഷത്തിനൊരു ശമനം നൽകുവാൻ ആകൂ. ആ പുതിയ തലമുറയിൽ ഞാനും നിങ്ങളും ഉണ്ടോ?



www.cogsundayschool.org cgisundayschool@gmail.com cogsundayschool

## ടെക്കമ്മാവൻ & ടെക്കമ്മായി




## ബൈബിളിലെ ടൈംമെഷീൻ

നമ്മെ ഭൂതകാലത്തും ഭാവികാലത്തും വർത്തമാനകാലത്തും ഒരു പോലെ കൊണ്ടുപോകുന്ന ബൈബിളിലെ ടൈംമെഷീനാണ് വെളിപ്പാട് പുസ്തകം. കുട്ടികൾക്ക് അതു മനസ്സിലാക്കുവാൻ പ്രയാസമാണെന്ന് പൊതുവെ പറയാറുണ്ടെങ്കിലും ശ്രദ്ധയോടെ വായിച്ചാൽ ഈ ടൈംമെഷീൻ നമ്മെ പലകാലഘട്ടങ്ങളിലൂടെ കടത്തി വിടും.

# കൗൺസിലറോടു ചോദിക്കാം





**ഡോ. സജികുമാർ കെ. പി., പി. എച്ച്. ഡി**
ക്രിസ്ത്യൻ കൗൺസിലർ, കോട്ടയം

**ചോദ്യം:** സർ, എന്റെ ബോർഡ് എക്സാം അടുത്തു വരികയാണ്. എനിക്ക് വല്ലാത്ത ഭയം തോന്നുന്നു. പഠിക്കണം എന്ന് ആഗ്രഹമുണ്ട്. പക്ഷേ ഭയമാണ്. പഠിക്കുന്നതെല്ലാം മറന്നു പോകുന്നു. ഞാൻ എന്തു ചെയ്യണം?

**ഉത്തരം:** വിദ്യാഭ്യാസകാലത്ത് ഏറ്റവും ഇഷ്ടമില്ലാത്ത കാര്യം ഏതാണെന്നു ചോദിച്ചാൽ കുട്ടികൾ ആദ്യം പറയുക പരീക്ഷ എന്ന ഉത്തരമാണ്. പരീക്ഷാകാലം അടുത്തു വരുന്ന ഈ ദിവസങ്ങളിൽ പലരെയും ഏറ്റവുമധികം അലട്ടുന്ന ഒരു പ്രശ്നമാണ്. പരീക്ഷാഭയം, ഉത്കണ്ഠ എന്നിവ. എന്തുകൊണ്ടാണ് ഭയമുണ്ടാകുന്നത്? ചിലരുടെ ഭയം പരീക്ഷയോടുമാത്രമാകണമെന്നില്ല. പൊതുവെയുള്ള ഭയങ്ങളുടെ പട്ടികയിൽ ഇപ്പോൾ പരീക്ഷ എന്നത് മുൻനിരയിലേയ്ക്ക് വന്നു എന്നതാകാം. മറ്റു ചിലരുടെ പ്രശ്നം വലതും അവർക്കു കൊടുത്തിരിക്കുന്ന അപ്രായോഗിക പ്രതീക്ഷകൾ എന്നതാകാം. ആയത് ക്ലാസ്സിൽ ഒന്നാമതായില്ലെങ്കിൽ അലക് വിലയില്ലാത്തവരും വേണ്ടാത്തവരുമാകും എന്ന ചിന്ത, ഇത്ര ശതമാനം മാർക്ക് കിട്ടിയില്ലെങ്കിൽ ജീവിതം തന്നെ അർത്ഥശൂന്യമാണ് എന്ന ചിന്ത എന്നിങ്ങനെ പോകുന്നു പട്ടിക.

വേറെ ചിലർക്ക് ഭയമുണ്ടാകുന്നതിന്റെ കാര്യം പഠിക്കേണ്ട സമയം മറ്റു പലതിനും ചിലവഴിച്ചു എന്നതിനാൽ പരീക്ഷ അടുത്തു വരുമ്പോൾ അവർക്ക് പഠിച്ച് തീർക്കാൻ കഴിയാത്തവിധം പാഠങ്ങൾ കുമിഞ്ഞു കൂടുന്നു എന്നതും ഇത് പഠിച്ചിട്ടും പഠിച്ചിട്ടും തീർക്കാൻ കഴിയാത്തതിന്റെ ആശങ്കയും നിരാശയുമാണ്. കാരണങ്ങൾ എന്തൊക്കെ ആയിരുന്നാലും പരീക്ഷാകാലത്ത് ഏറ്റവുമധികം വിദ്യാർത്ഥികൾ അതിജീവിക്കേണ്ടത് ഭയം എന്ന ശത്രുവിനെ തന്നെയാണ്. ഭയത്തെ അതിജീവിക്കാൻ എന്തു ചെയ്യാം?

ഭയത്തെ അതിജീവിക്കാൻ ആദ്യം ചെയ്യേണ്ടത് എവിടെ നിന്നാണ് ഈ ഭയം വന്നത് എന്നു കണ്ടുപിടിക്കുക എന്നതാണ്. അപ്രായോഗികമായതും എത്തിപ്പിടിക്കാൻ സാധിക്കാത്തതുമായ സ്വപ്നമാണ് നിങ്ങൾ ഭാവിയെക്കുറിച്ച് കൊണ്ടുനടക്കുന്നതെങ്കിൽ അതിൽ നിന്ന് അല്പം താഴേയ്ക്കു വരിക. അഥവാ ആ സ്വപ്നം യാഥാർത്ഥ്യമായില്ലെങ്കിൽ പിന്നെ എന്ത് എന്നതിനും കൂടെ ഒരു ഉത്തരം കണ്ടു പിടിക്കുക. നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളെ ഭയപ്പെടുത്തുന്നതുപോലെ പരീക്ഷാകാലത്ത് മാനസിക സംഘർഷം തരുന്നുണ്ട് എങ്കിൽ അത് അവരോട് തുറന്നു സംസാരിക്കുക.

പഠിക്കുന്നത് മറന്നു പോകുന്നു എന്നതിന് ഭയം കാരണമായേക്കാം. എന്നാൽ ഭയം മാത്രമല്ല അതിനു കാരണമാകുന്നത്. ശ്രദ്ധ നഷ്ടപ്പെടുത്തുന്ന ഏതും അതിനു കാരണമാകാം. കൗമാരത്തിന്റെ വൈകാരിക പ്രശ്നങ്ങളും പ്രണയബന്ധവും സാമൂഹ്യമാദ്ധ്യമങ്ങളും നിങ്ങളുടെ ശ്രദ്ധയെ തെറ്റിക്കുന്നുണ്ടോ എന്നും കൂടെ വിലയിരുത്തുക. ഉണ്ട് എങ്കിൽ മുതിർന്ന ഒരു വ്യക്തിയുടെ സഹായത്താൽ അത്തരം പ്രശ്നത്തെ അതിജീവിക്കുക.

ആത്മീയനിലവാരം നന്നായി നിലനിർത്തുന്നവർക്കാണ് ഭയത്തെ അതിജീവിക്കുവാനുള്ള ദൈവകൃപയുണ്ടാകൂ. ഏതെങ്കിലും പാപങ്ങൾ നിങ്ങളുടെ ആത്മീയതയെ തളർത്തുന്നു എന്ന് ബോദ്ധ്യമുണ്ടെങ്കിൽ ഇന്നു തന്നെ അത് ദൈവത്തോട് ക്ഷമ ചോദിച്ച് ഉപേക്ഷിക്കുക. കർത്താവ് നിങ്ങളുടെ അരികിൽ നിൽക്കുന്നത് അനുഭവിക്കുമാറ് ആത്മീയതയിൽ വളരുക. പരീക്ഷയ്ക്ക് പഠിക്കാനിരിക്കുമ്പോഴും പരീക്ഷാഹാളിലും അങ്ങനെ കർത്താവിനെ അനുഭവമാക്കുക.

നിങ്ങളുടെ ഭയങ്ങൾ ഒന്നൊന്നായി കർത്താവിനോട് ഏറ്റു പറയുക. പറ്റുമെങ്കിൽ ആ ഭയത്തെ ഒരു പേപ്പറിൽ എഴുതിയിട്ട് അതിന്റെ മേൽ കൈവച്ച് ആ ഭയത്തിന്റെ ചിന്തയെ മനസ്സിൽ ശാസിക്കുക. നല്ല ആത്മീയമായ ശുഭചിന്തകൾ നിറച്ച് ഉണരുമ്പോൾ മനസ്സിന്റെ ആരോഗ്യം നിലനിർത്തുക. ക്രമീകൃതമായി പഠിക്കുക. പരീക്ഷയെയും നിങ്ങളെത്തന്നെയും കർത്താവിന്റെ കരങ്ങളിൽ സമർപ്പിക്കുക. ഭയവിമുക്തമായ ഒരു പരീക്ഷാക്കാലം അങ്ങനെ രൂപീകരിച്ചെടുക്കുക.

*കൂട്ടുകാരേ,നിങ്ങളുടെ ചോദ്യങ്ങൾ, സംശയങ്ങൾ ഇന്നുതന്നെ ഞങ്ങൾക്കെഴുതുക.*
**കൗൺസിലറോടു ചോദിക്കാം, നന്മ, സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റ്, മൗണ്ട്സിയോൻ, മുളക്കുഴ, ചെങ്ങന്നൂർ 689 505**

# സമ്മാനം.. സമ്മാനം.

ഇത് നിങ്ങളുടെ പേജാണ്. നിങ്ങൾക്കിഷ്ടമുള്ള കാര്യങ്ങൾ എന്തും ഇവിടെ ചെയ്യാം. കഥയോ, കവിതയോ, ചിത്രം വരയ്ക്കുകയോ, പെയിന്റിംഗ് ചെയ്യുകയോ അങ്ങനെ എന്തും. എന്നിട്ട് ഇതിന്റെ പുറകിലെ താളിൽ കൊടുത്തിരിക്കുന്ന മത്സരത്തിൽ പങ്കെടുക്കൂ. വിജയികൾക്ക് കിടിലൻ സമ്മാനം ഉറപ്പ്! വേഗമാകട്ടെ നിങ്ങളുടെ സൃഷ്ടികൾ **2019 ഏപ്രിൽ 10നു മുൻപായി** മറുപുറത്തു കൊടുത്തിരിക്കുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.

ഈ പേജ് മുറിച്ച് ഞങ്ങൾക്ക് അയച്ചു തരിക.

# പദപ്രശ്നം

പാസ്റ്റർ ഗ്ലാഡ്സൺ ജോൺ

**വലത്തോട്ട്**

1. യേശുവിനെ സ്നാനപ്പെടുത്തിയ വ്യക്തി (8)
8. മോശയുടെ അമ്മായപ്പൻ (2)
9. വലിയ പ്രവാചകരിൽ ഒരാൾ (4)
11. വലഞ്ഞുപോയ നീതിമാൻ (2)
12. ദാവീദിന് യഹോവ പ്രത്യക്ഷമായ പർവ്വതം (3)
13. രൂത്തിന്റെ രണ്ടാമത്തെ ഭർത്താവ്

**താഴോട്ട്**

1. ആത്മാവിന്റെ ഫലത്തിൽ ഒന്ന് (3)
2. മുന്തിരിത്തോട്ടത്തിന് വേണ്ടി ജീവൻ നഷ്ടപ്പെടുത്തേണ്ടി വന്ന വ്യക്തി (3)
4. പ്രവാചകനോട് സംസാരിച്ച മൃഗം (3)
5. അതി രാവിലെ കല്ലറക്കൽ കരഞ്ഞ വ്യക്തി (3)
7. യേശു ശാസിച്ച ശിഷ്യൻ (3)
10. ദൈവാലയം പണിത രാജാവ് (4)

**ഇടത്തോട്ട്**

5. ആദാം ദൈവത്തിന്റെ......... ? (3)
14. ഈ സ്ഥലത്തെ വിധവയുടെ മകനെ യേശു ഉയിർപ്പിച്ചു (3)

**മുകളിലേക്ക്**

3. ഉയരത്തിൽ കൂട് വയ്ക്കുന്ന പക്ഷി (4)
4. രെഹബയാമിന്റെ അമ്മ (3)

പദപ്രശ്നം പൂരിപ്പിച്ച് 2019 ഏപ്രിൽ 10നു മുൻപായി അയച്ചുതരുക. എല്ലാ ഉത്തരവും ശരിയാക്കുന്നവർക്ക് അടിപൊളി സമ്മാനങ്ങൾ കാത്തിരിക്കുന്നു. ഒപ്പം നിങ്ങളുടെ കലാസൃഷ്ടികളും ഞങ്ങൾക്ക് അയച്ചുതരേണ്ട വിലാസം





**സമ്മാനം, സമ്മാനം, നന്മ,**
സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റ്
മൗണ്ട് സിയോൻ, മുളക്കുഴ 689 505
**E:** cgisundayschool@gmail.com
**W: www.cogsundayschool.org**


**കഴിഞ്ഞലക്കം വിജയികൾ**
1. Jerlin K John, Pullencheril
2. Gibin T Biju, Manakkala
3. Joshua Ajish, Kanhangad
4. Eben Christy Babu, Cheeranchira

പേര് ....................................... വയസ്സ്..........
അഡ്രസ്സ് ......................................................
......................................................................
................................. പിൻ ..........................
ഫോൺ .......................................................

# അങ്ങനെ ക്രൂരൻ നല്ലവനായി




അയ്യോ
കുഴി
ധിം
ക്രൂരൻ എത്ര കേറാൻ ശ്രമിച്ചിട്ടും ശ്രമങ്ങൾ പരാജയപ്പെട്ടു.
ശ്ശോ... ഇനി എന്ത് ചെയ്യും.
സഹായം ചോദിക്കാൻ ഒരുത്തനേം കാണുന്നു പോലുമില്ല



പേടികാരണം മൃഗങ്ങൾ ഒന്നും ആ ഭാഗത്തേക്ക് പോയില്ല
രണ്ടുദിവസമായി ഞാൻ ഈ കുഴിയിൽ കിടക്കുന്നു വിശന്നിട്ടു വയ്യ രക്ഷിക്കണേ...
കരച്ചിൽ കേട്ട് ചുണ്ടനെലി കുഴിയിൽ വന്നു നോക്കി
എടാ എന്നെ ഒന്നു രക്ഷിക്ക്
അങ്ങെ രക്ഷിക്കാൻ ഞാൻ തയ്യാറാണ് പക്ഷേ...
എന്ത് പക്ഷേ
അങ്ങ് രക്ഷപ്പെട്ടാൽ വീണ്ടും ഞങ്ങളെ ഉപദ്രവിക്കില്ലേ...
സത്യമായും ഉപദ്രവിക്കില്ല ഇല്ല...


ഉറപ്പാണെങ്കിൽ ഞാൻ അങ്ങയെ രക്ഷിക്കാം
ഉറപ്പ് ദൈവത്തെ ചൊല്ലി ഞാൻ സത്യം ചെയ്യുന്നു.
ചുണ്ടെലി ഉച്ചത്തിൽ ഒരു പ്രത്യേക ശബ്ദം പുറപ്പെടുവിച്ചു.
എങ്കിൽ അങ്ങയെ രക്ഷിക്കാം
ഷൂഷൂ..
നിമിഷങ്ങൾക്കുള്ളിൽ എലിക്കുട്ടന്മാർ ചാടി അവിടെയെത്തി.
ചുണ്ടെലി കാര്യങ്ങൾ എല്ലാം അവരെ പറഞ്ഞ് മനസിലാക്കി.


ക്രൂരൻ കിടന്ന കുഴിയിലൂടെ എലികൾ അടുത്തുള്ള പുഴയിലേക്ക് ഒരു മാളമുണ്ടാക്കി
പണി വേഗം പുരോഗമിച്ചു
വേഗമാകട്ടെ വേഗം
അങ്ങനെ മാളത്തിന്റെ അറ്റം പുഴയിലെത്തി
ഹോ...! അങ്ങനെ പണി തീർന്നു
പുഴയിലെ വെള്ളം കുഴിയിലെത്തി
ങേ..
ഇനി കുഴി നിറയുമ്പോൾ അങ്ങയ്ക്ക് രക്ഷപ്പെടാം
കുഴി നിറഞ്ഞ് സിംഹം വെളിയിൽ വന്നു...
ഇനി ഞാൻ ആരെയും ഉപദ്രവിക്കില്ല. മാത്രമല്ല മറ്റുള്ളവരെ സഹായിക്കുകയും ചെയ്യും.
അതു മതി ഇപ്പോൾ ഈ കാട്ടിൽ എല്ലാവരും നല്ലവരായി.
അങ്ങനെ മണിമരുതുംകാട് ശാന്തമായി. എല്ലാ മൃഗങ്ങളും സ്നേഹത്തോടെ കഴിഞ്ഞു.




സാറായി സാറ

# ഓർമയേ, നിന്നോടൊപ്പം നിൽക്കുവാൻ

നിങ്ങൾ നിങ്ങളാകുന്നത് നിങ്ങൾക്ക് ഓർമയുള്ളതു കൊണ്ടാണ്. എന്താ സംശയമുണ്ടോ? അൽഹൈമേഴ്സ് രോഗം ബാധിച്ചവരേ കണ്ടിട്ടുണ്ടോ? അവർക്ക് സ്വന്തം പേരു പോലും ഓർമയുണ്ടാകില്ല. ഭൂമിയിൽ ഞാനുണ്ട് എന്നു പോലും അവർക്കറിയില്ല. വെറുതെ ജീവിച്ചു പോകുന്നുവെന്നു മാത്രം. അപ്പോൾ നമ്മൾ നമ്മളാകുന്നത് ഓർമയുള്ളതു കൊണ്ടല്ലേ. അതേ, ഓർമയാണ് എല്ലാം. നിങ്ങൾക്ക് ഓർമയുണ്ടോ? പഠിച്ചത് മറന്നു പോകാറുണ്ടോ? ഓർമിക്കാൻ എന്താണ് കുറുക്കു വഴി? അങ്ങനെയൊന്നുണ്ടോ? നമുക്കൊന്നു ഓർത്തു നോക്കിയാലോ. ചിലതൊക്കെ? രസകരമായി. ഒരിക്കലും മനസിൽ നിന്നു മായാതെ.

നമുക്ക് തലച്ചോറിനെ രണ്ടായി തിരിക്കാം. ഇടതുവശവും വലതു വശവും. തലച്ചോറിന്റെ ഇടതുവശമാണ് വലം കൈയെ നിയന്ത്രിക്കുന്നത്. വലതുവശം ഇടംകൈയേയും. തലച്ചോറിന്റെ ഇടതുവശമാണ് ലോജിക്, കണക്ക് എന്നിവ കൈകാര്യം ചെയ്യുന്നത്. വലതുവശം നമ്മുടെ സർഗാത്മകതയെയും. അതിനാൽ നോവൽ, കഥ, കവിത എന്നിവ എഴുതുന്നതിന് തലച്ചോറിന്റെ വലതുവശത്തെ ഉണർത്തണം. അതിന് ഇടംകൈയെ അഴിച്ചുവിടുക. ചെയ്യാൻ പറ്റാവുന്ന കാര്യങ്ങളെല്ലാം ഇടകൈ കൊണ്ടു ചെയ്യുക. ഉദാഹരണമായി സ്വിച്ചിടുക, പാത്രമെടുക്കുക, എഴുതുക തുടങ്ങിയവ.

ഓർമയെ രണ്ടായി തിരിക്കാം. ഹ്രസ്വകാല ഓർമ്മയും ദീർഘകാല ഓർമയും. ഒരു കാര്യം ഒരു പാട് നാൾ നമ്മുടെ തലയിൽ നിലനിർത്തണമെങ്കിൽ ചില തന്ത്രങ്ങൾ നാം ആവിഷ്കരിച്ചേ പറ്റൂ. ചില തന്ത്രങ്ങളിലൂടെ കണ്ണോടിച്ചാലോ. രസകരമായ സൂത്രവിദ്യകളിലൂടെ. ചില പേരുകൾ പഠിച്ചെടുക്കുന്നത് വളരെ ബുദ്ധിമുട്ടാണ്. എങ്ങനെ കടുകട്ടി പേരുകളെ കൈപിടിയിലൊതുക്കാം. ഇതാ ചില വഴികൾ. ഉദാഹരണമായി ബഹിരാകാശത്തു എത്തിയ ആദ്യ വനിതയുടെ പേരെന്ത് എന്നുള്ള ചോദ്യത്തിന് വാലന്റീന തെരഷ്ക്കോവ. എന്നാണ് ഈ റഷ്യൻ പേര്. എങ്ങനെ ഓർത്തിരിക്കും. ബ്രിട്ടീഷുകാരുടെ

